# സന്തോഷം നിറഞ്ഞ പുതുവർഷം എല്ലാവർക്കും

## ജോസ് മാളേയ്ക്കൽ

പുരാതന റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്ന ഐതിഹ്യമനുസരിച്ച് സമയം, ആരംഭം, അവസാനം, പ്രവേശനകവാടങ്ങൾ എന്നിവയുടെ ദേവനായിരുന്നു ജനുസ്. രണ്ടുവശങ്ങളിലേക്കും ദൃഷ്ടിപായിച്ചു നിൽക്കുന്ന ഇരുതലയുള്ള ദേവനായിട്ടാണു ജനുസിനെ പുരാണങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നത്. വത്തിക്കാൻ മ്യൂസിയത്തിൽ ഇടം പിടിച്ചിരിക്കുന്ന ജനുസ് ഭൂതകാലത്തേക്കും, ഭാവിയിലേക്കും ഉറ്റുനോക്കാൻ കഴിവുള്ള ദേവനായിരുന്നു. ജനുസ് എന്ന വാക്കിൽനിന്നാണു ഗ്രിഗോറിയൻ കലണ്ടറിലെ ആദ്യമാസമായ ജനുവരിക്ക് ആ പേരു ലഭിക്കുന്നത്.

ഒരുവർഷത്തിന്റെ അവസാനത്തിലും, അടുത്തവർഷത്തിന്റെ ആരംഭത്തിലും മുൻപോട്ടും, പിൻപോട്ടും ഒരേപോലെ കാണാൻ കഴിവുള്ള ജനുസ് ഇരുവർഷങ്ങളിലേയും സംഭവങ്ങൾ വിലയിരുത്തുന്നതായിട്ടാണു റോമാക്കാർ കരുതിയിരുന്നത്. ജനുസിന്റെ പാത പിന്തുടർന്നാണു നാം പുതുവർഷത്തിൽ പോയകാലത്തെ സംഭവങ്ങൾ അവലോകനം ചെയ്യുന്ന പതിവ് ഉടലെടുത്തത്. വ്യാപാരസ്ഥാപനങ്ങളാണെങ്കിൽ വർഷാവസാന കണക്കെടുപ്പിനായി തയാറെടുക്കുന്നു.

2017 തിരശീലക്കുപിന്നിൽ മറഞ്ഞ് 2018 പൊട്ടിവിടരാൻ ലോകമെങ്ങും വെമ്പൽകൊണ്ടുനിൽക്കുന്നു. ഓരോ പുതുവർഷവും മാനവഹൃദയത്തിൽ കോറിയിടുന്ന സന്തോഷസന്താപ അനുഭവങ്ങൾകൊണ്ട് വൈവിധ്യം നിറഞ്ഞതുതന്നെ. നന്മകളാൽ സമൃദ്ധമായ 2017 അനുഭവിച്ചവർ അതുതുടർന്നും ലഭിക്കുന്നതിനായി പ്രാർത്ഥിക്കുമ്പോൾ, ദുരിതപൂർണമായ അനുഭവങ്ങൾ പങ്കിട്ടവർ എത്രയും പെട്ടെന്ന് പ്രതീക്ഷാനിർഭരമായ പുതുവർഷത്തെ മാടിവിളിക്കും. എന്തുതന്നെയായലും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത്

തങ്ങളുടെ ജീവിതം സന്തോഷത്തിലും, സമാധാനത്തിലും, സമ്പൽസമൃദ്ധിയിലും, ആയുരാരോരോരോഗ്യത്തോടെ മുന്നേറണമെന്നാണ്.

പോയവർഷം വൈവിധ്യം നിറഞ്ഞതായിരുന്നപോലെ, പുതുവർഷത്തിന്റെ കടന്നുവരവും വൈവിധ്യം ഉണർത്തുന്നവസ്തുതയാണ്. പുതുവർഷം ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പലസമയങ്ങളിലായിട്ടാണു പൊട്ടിവിടരുന്നത് എന്ന് നമുക്കു കാണാം.

ആസ്ട്രേലിയായിലെ മെൽബോണിലെയും, സിഡ്നിയിലെയും പുതുവർഷാഘോഷങ്ങളാണു ലോകം ആദ്യം കാണുന്നതെങ്കിലും, ആസ്ട്രേലിയാക്കു മുൻപുതന്നെ പുതുവർഷത്തെ വരവേൽക്കുന്ന മറ്റു പലരാജ്യങ്ങളും ഉണ്ട്. ന്യൂസിലാന്റിനടുത്ത് സെന്റ്രൽപസിഫിക് സമുദ്രത്തിലെ ദീപുകളായ സമോവാ, ടോംഗ, ക്രിസ്മസ് ഐലന്റ്, കിരിബറ്റി എന്നിവിടങ്ങളിൽ ന്യൂയോർക്ക് സമയം ഡിസംബർ 31 ഞായറാഴ്ച്ച വെളുപ്പിനു 5 മണിയാകുമ്പോൾ പുതുവർഷം ആദ്യമായി പൊട്ടിവിടരുന്നു. ആറുമണിയാകുമ്പോൾ ന്യൂസിലാന്റിലെ ഓക്‌ലാൻഡിലെത്തുന്ന പുതുവർഷം നാലു മണിക്കൂറിനുള്ളിൽ ആസ്ട്രേലിയായിലെ പ്രധാന നഗരങ്ങളായ മെൽബോൺ, സിഡ്നി, കാൻബറ, അഡിലെയ്ഡ്, ബ്രിസ്ബേൻ എന്നിവ തരണംചെയ്ത് ന്യൂയോർക്ക് സമയം ഞായറാഴ്ച്ച രാവിലെ പത്തുമണിയാകുമ്പോൾ ടോക്കിയോ, സോൾ തുടങ്ങിയ നഗരങ്ങളിലെത്തിച്ചേരും.

ഇൻഡ്യയിൽ പുതുവർഷലഹരി നുണയണമെങ്കിൽ ന്യൂയോർക്ക് സമയം ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് ഒന്നര വരെ കാത്തിരിക്കണം. തുടർന്ന് പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, മിഡിൽ ഈസ്റ്റ് വഴി റഷ്യയും കടന്ന് യൂറോപ്പിലൂടെ ഓട്ടപ്രദക്ഷിണം നടത്തി സൗത്ത് അമേരിക്കയും കാനഡായുടെ സെ. ജോൺസ്, മേരീസ് ഹാർബർ എന്നീ നഗരങ്ങൾ താണ്ടി പുതുവർഷകാറ്റ് അമേരിക്കയിൽ പ്രവേശിക്കും.

ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിൽ ഞായറാഴ്ച്ച രാത്രി കൃത്യം **12:00** നു പതിനായിരങ്ങളെ സാക്ഷി നിർത്തി ത്രീ, ടൂ, വൺ കൗണ്ട്ഡൌണോടെ ബോൾ

താഴേക്ക് നിപതിക്കുമ്പോൾ ആസ്ട്രേലിയാ, ന്യൂസിലാൻഡ് എന്നിവിടങ്ങളിലുള്ളവർ **'ഹാപ്പി ന്യൂ ഈയർ'** ആശംസകളുമായി പുതുവർഷലഹരി ആവോളം ആടിപ്പാടി ആസ്വദിച്ച് തളർന്നുറങ്ങി എ ണീറ്റിട്ടുണ്ടാവും.

കാലിഫോർണിയാക്കാർക്കാണെങ്കിൽ മൂന്നു മണിക്കൂർ കൂടി കൊതിയോടെ കാത്തിരിക്കണം ഹർഷാരവങ്ങളോടെ 2018 നെ മാടിവിളിക്കാൻ. വീണ്ടും രണ്ടു മണിക്കൂർ കാത്തിരിക്കണം ഹോണോലുലുക്കാർക്ക് ഷാമ്പെയിൻ കുപ്പികൾ പൊട്ടിക്കാൻ. ഏറ്റവും അവസാനം 2018 നെ വരവേല്ക്കാനുള്ള ദുര്യോഗം മദ്ധ്യ പസിഫിക്കിലെ തന്നെ ബേക്കർ ദീപുകൾക്കാണു കിട്ടിയിരിക്കുന്നത്.

നോക്കണേ, പ്രകൃതിയുടെ ഒരു വികൃതി. 26 മണിക്കൂറുകൾകൊണ്ട് 39 വ്യത്യസ്ത ടൈം സോണുകളിൽ ഭൂഗോളത്തിന്റെ എല്ലാ കോണുകളിലുമുള്ള രാജ്യങ്ങളെയും വലുപ്പചെറുപ്പവ്യത്യാസമില്ലാതെ പുതുവർഷം തൊട്ടുതലോടി തന്റെ കരവലയത്തിനുള്ളിലൊതുക്കിയിരിക്കും. പുതുവർഷ പുലരിയിൽ എങ്ങും ആഹ്ലാദം തിരതല്ലുന്ന നിമിഷങ്ങൾ. മനോഹരമായ വെടിക്കെട്ടുകളും, സംഗീതകച്ചേരികളും, ഹോളിവുഡ്, ബോളിവുഡ് നൃത്തങ്ങളും, ലഹരിപാനീയങ്ങളും, സ്വാദേറിയ ഭക്ഷണവിഭവങ്ങളും പുതുവർഷ പിറവിയാഘോഷത്തിനു മാറ്റു കൂട്ടും. നുരഞ്ഞുപൊങ്ങുന്ന ഷാമ്പെയിൻ ഗ്ലാസുകളും കയ്യിലേന്തി ജനസഹസ്രങ്ങളുടെ, ഹാപ്പി ന്യൂ ഈയർ ആർപ്പുവിളികൾ മാത്രം.

അങ്ങനെ സംഭവബഹുലമായ 2017 തിരശീലക്കുപിന്നിൽ മറഞ്ഞ് പുത്തൻ പ്രതീക്ഷകളും, പ്രതിജ്ഞകളുമായി 2018 മനുഷ്യരാശിയെ പുൽകിക്കഴിഞ്ഞു. സന്തോഷവും, സമാധാനവും നിറഞ്ഞ നല്ലൊരു ജീവിതം സ്വപ്നം കണ്ടുകൊണ്ട് പ്രത്യാശാപൂർവം 2018 നെ വരവേൽക്കുന്നതോടൊപ്പം ജനുസ് ദേവനെപ്പോലെ പോയവർഷത്തിലേക്കു പിന്തിരിഞ്ഞു നോക്കി നമ്മുടെ ജീവിതത്തിൽ കൈവന്ന നേട്ടങ്ങളും, കോട്ടങ്ങളും വിലയിരുത്തുന്നതു നന്നായിരിക്കും.

ചിലരെസംബന്ധിച്ച് പ്രതീക്ഷിച്ചതിൽ കൂടുതൽ നേട്ടങ്ങൾ ലഭിച്ചിട്ടുണ്ടാവും; എന്നാൽ മറ്റു ചിലർക്കാണെങ്കിൽ ആഗ്രഹിക്കാത്ത കയ്പേറിയ പലതും ജീവിതത്തിൽ സംഭവിച്ചിട്ടുണ്ടാവും. തങ്ങളുടെ കഠിനാദ്ധ്വാനത്തിനു തക്കഫലം ലഭിച്ചില്ലാ എന്നു പരാതിപ്പെടുന്നവരുണ്ടാവാം. എന്തൊക്കെയായാലും 2018 ന്റെ പൊൻപുലരി കാണാൻ ഭാഗ്യം ലഭിച്ച നമുക്കെല്ലാം ഒരാണ്ടുകൂടി ബോണസായി ലഭിച്ചിരിക്കുകയാണ്. എന്തിനെന്നല്ലേ, കഴിഞ്ഞ വർഷം ചെയ്തുതീർക്കാൻ പറ്റാത്ത നന്മപ്രവർത്തികൾ പൂർത്തിയാക്കുന്നതിനും, കൂടുതൽ കാരുണ്യപ്രവർത്തികൾ ചെയ്യുന്നതിനും, ആത്മീയതയിൽ കൂടുതൽ വളരുന്നതിനും ഉദ്ദേശിച്ച് സർവശക്തൻ കനിഞ്ഞനുഗ്രഹിച്ചു നൽകുന്ന ഒരാണ്ട്.

ഓർത്തോർത്തു രസിക്കാനും, മനം കുളിർക്കെ ആസ്വദിക്കാനും, എന്നെന്നും അഭിമാനിക്കാനും പറ്റിയ ഒത്തിരി നല്ല അനുഭവങ്ങളും അമൂല്യമുഹൂർത്തങ്ങളും സമ്മാനിച്ചാണു 2017 കടന്നു പോകുന്നത്. അതോടൊപ്പം ലോകമനസാക്ഷിയെ ഞെട്ടിച്ച പല അക്രമസംഭവങ്ങളും, അപകടമരണങ്ങളും; അകാലത്തിൽ പൊലിഞ്ഞ ഒത്തിരി ജീവിതങ്ങൾ, പാതിവഴിക്കു തിരിച്ചുവിളിക്കപ്പെട്ട എത്രയോ ജന്മങ്ങൾ.

2017 ന്റെ കയ്പ്പേറിയ ബാക്കിപത്രമായി നമുക്കു പറയാൻ സാധിക്കുന്നത് നിരപരാധികളായ മനുഷ്യരുടെ കൂട്ടക്കുരുതിയിൽ കലാശിച്ച വെടിവെപ്പുകളും, കൊടുങ്കാറ്റുകളുടെ അകമ്പടിയോടെ എത്തിയ പേമാരികളുടെ സംഹാരതാണ്ഡവവും, കാട്ടുതീയുടെ ക്രൗര്യവും, ട്രെയിൻ അപകടങ്ങളിലും, ഭൂകമ്പങ്ങളിലും പൊലിഞ്ഞ അനേകായിരങ്ങളുമാണ്.

ജനുവരി 1 നു ടർക്കിയിലെ ഈസ്റ്റാൻബുളിൽ നടന്ന ഭീകരരുടെ വെടിവയ്പിൽ നിശാക്ലബിൽ പുതുവർഷം ആസ്വദിച്ചുകൊണ്ടിരുന്ന 39 പേരുടെ ജീവൻ അപഹരിച്ചുകൊണ്ട് പൊട്ടിവിടർന്ന പുതുവർഷം അവസാനിക്കുന്നത് നമ്മുടെ തൊട്ടടുത്തു ന്യൂയോർക്കിലെ ബ്രോംക്സ് അപ്പർട്ട്മെന്റിലെ തീപിടുത്തത്തിൽ കുട്ടികളടക്കം 12 പേരുടെ ജീവനെടുത്തുകൊണ്ടാണ്. ഈ രണ്ടു സംഭവങ്ങൾക്കുമിടയിൽ മനുഷ്യരാശിയെ ഞെട്ടിച്ച മറ്റു പല അനിഷ്ടസംഭവങ്ങളും, തീരാനഷ്ടങ്ങളും 2017 സമ്മാനിച്ചിട്ടുണ്ട്.

സെന്റ്രൽ ഇറ്റലിയിലും, മെക്സിക്കോയിലും, ഇറാനിലും ഉണ്ടായ ഭൂകമ്പങ്ങളിൽ വളരെയധികം ആൾനാശവും, സാമ്പത്തിക നഷ്ടവും വന്നത് 2017 ലാണ്. 2017 ലെ ഏറ്റവും വലിയ പ്രകൃതി ദുരന്തമായി കണക്കാക്കപ്പെടുന്നത് ഹൂസ്റ്റണിലും, ലൂസിയാനയിലും, കരീബിയൻ ദീപുകളിലും, ഫ്ളോറിഡായിലും, പോർട്ടോറിക്കോയിലും ആഞ്ഞടിച്ചു നാശം വിതച്ച ഹാർവി, ഇർമ, മറിയ, എന്നീ കൊടുംകാറ്റുകളാണ്. ഫ്ളോറിഡായിലെ കീവെസ്റ്റിൽ ഹറിക്കെയിൻ ഇർമ വിതച്ച നാശനഷ്ടങ്ങൾ ഈ ലേഖകൻ ഒക്ടോബറിൽ ഫ്ളോറിഡാ കീസ് സന്ദർശിച്ചപ്പോൾ നേരിട്ടു കണ്ടു മനസിലാക്കിയതാണ്.

കൊടുംകാറ്റും, പേമാരിയും, വെടിവയ്പും, കാട്ടുതീയും, ട്രെയിൻ അപകടങ്ങളും നാശം വിതച്ചുകടന്നുപോയ 2017. എന്നാൽ ഈ കാർമേഘപടലങ്ങൾക്കുള്ളിലും വെള്ളിനക്ഷത്രശോഭ പരത്തിയ പല സംഭവങ്ങളും ഉണ്ടായി പോയവർഷത്തിൽ എന്നതും ശുഭോദർക്കമാണ്.

ശാശ്വത സമാധാനത്തിന്റെയും, സാർവലൗകിക സ്നേഹത്തിന്റെയും, മതസൗഹർദ്ദത്തിന്റെയും ഊഷ്മളസന്ദേശവുമായി കലാപകലുഷിതമായ മ്യാൻമറിൽ ഫ്രാൻസിസ് മാർപ്പാപ്പ നടത്തിയ ശ്ലൈഹികതീർത്ഥാടനം ഈ വർഷത്തെ ഏറ്റവും വലിയ രോഹിംഗ്യ അഭയാർത്ഥി പ്രതിസന്ധിക്കു താൽക്കാലിക വിരാമമിടുവാൻ സഹായകമായി. പത്രോസിന്റെ പിൻഗാമിമാരിൽ ഫ്രാൻസിസ് മാർപാപ്പയാണ് കത്തോലിക്കർ വെറും ഒരു ശതമാനം മാത്രമുള്ള ബുദ്ധമതഭൂരിപക്ഷരാജ്യമായ മ്യാൻമാർ ആദ്യമായി സന്ദർശിക്കുന്നത്.

പുതുവർഷം പലരെ സംബന്ധിച്ചും അൽപായുസുമാത്രമുള്ള പാലിക്കപ്പെടാൻ സാധ്യതയില്ലാത്ത ഒരുപിടി പുതിയ പ്രതിജ്ഞകൾ എടുക്കുക എന്നതാണ്. പ്രതിജ്ഞകൾ എന്തൊക്കെയായാലും, പ്രതീക്ഷകളാണ് പുതുവർഷത്തിൽ നമുക്ക് മുമ്പോട്ടു കുതിക്കാനുള്ള ഊർജം പകരുന്നത്. പുതുവൽസരം കൂടുതൽ സന്തോഷപൂരിതമാക്കുന്നതിനും, 2017 ലെ കുറവുകൾ നിറവുകളാക്കുന്നതിനും ആൽമപരിശോധന ചെയ്യുന്നത് എന്തുകൊണ്ടും നല്ലതായിരിക്കും.

കൊഴിഞ്ഞു വീഴുന്ന വർഷം പലർക്കും നാം സ്വീകാര്യനായിരുന്നില്ലെങ്കിൽ അതിന്റെ കാരണം കണ്ടെത്തി, നമ്മുടെ സമീപനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി കരുത്താർജിച്ച് മുമ്പോട്ടു പോകാൻ ശ്രമിക്കുന്നത് ജീവിതവിജയത്തിനു പകരിക്കും. പുതുവർഷം നമ്മിലേക്കുതന്നെ തിരിഞ്ഞു നോക്കാനുള്ള ഒരവസരമായി കണക്കാക്കി അസൂയ, അഹംഭാവം, വെറുപ്പ്, വാശി, വൈരാഗ്യം എന്നിങ്ങനെയുള്ള മാലിന്യങ്ങളെല്ലാം സ്നേഹത്തിന്റെ തലോടലാൽ കഴുകികളയുക. ദോഷൈകദൃക്കുകളാകാതെ മറ്റുള്ളവരിൽ നന്മ കാണുന്നതിനും, നല്ലകാര്യം ചെയ്താൽ അവരെ അനുമോദിക്കുന്നതിനും, ഒരു ചെറുപുഞ്ചിരി ചുണ്ടിൽ വിരിയിക്കുന്നതിനും പോയവർഷത്തിൽ നമുക്കു സാധിച്ചിട്ടില്ലായെങ്കിൽ 2018 അതിനുള്ള അവസരമൊരുക്കട്ടെയെന്ന് നമുക്കു ജഗദീശനോടു പ്രാർത്ഥിക്കാം.

മറ്റുള്ളവരെ ക്ഷമാപൂർവം ശ്രവിക്കുന്നതിനും, അവരുടെ അഭിപ്രായങ്ങൾ മാനിക്കുന്നതിനും, എല്ലാവരെയും അംഗീകരിക്കുന്നതിനും, ആദരിക്കുന്നതിനുമുള്ള സന്മനസ് കാണിച്ചാൽ നാം വിജയിച്ചു. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ കീഴ്ജീവനക്കാരോട് പരസ്പരബഹുമാനത്തോടെയും, സ്നേഹത്തോടെയും ഇടപെട്ടാൽ ജീവിതത്തിലെ പിരിമുറുക്കം കുറക്കാൻ സാധിക്കും. മറ്റുള്ളവരെ കൊച്ചാക്കുന്നതും, മറ്റുള്ളവരുടെ മുമ്പിൽ ഇടിച്ചുതാഴ്ത്തി സംസാരിക്കുന്നതും സംസ്കാരമുള്ള ആർക്കും ഭൂഷണമല്ല. അപരനെ തന്നേക്കാൾ ശ്രേഷ്ഠനായി കരുതാൻ വലിയമനസിനുടമയായിട്ടുള്ളവനേ സാധിക്കൂ. ഫരീശന്റെയല്ല, മറിച്ച് ഞാൻ പാപിയാണു എന്നോടു ക്ഷമിക്കണം എന്നു ദൂരെമാറി താഴ്മയോടെ മാറത്തടിച്ചു പ്രാർത്ഥിച്ച ഒരു ചുങ്കക്കാരന്റെ മനോഭവം ആണു നാം പുലർത്തേണ്ടത്.

മറ്റുള്ളവർ നമുക്കായി ചെയ്തുതരുന്ന ചെറിയ സഹായങ്ങൾക്ക് സ്നേഹപൂർവം നന്ദി പറയുന്നതിനും, മറ്റുള്ളവരോടു നാം തെറ്റു ചെയ്തു എന്നോ അവരെ വേദനിപ്പിച്ചു എന്നോ ബോദ്ധ്യപ്പെട്ടാൽ ആത്മാർത്ഥമായി ഒരു സോറി പറയുന്നതിനും ഉള്ള ആർജവം നമുക്കുണ്ടാവണം. അമ്മയുടെ ഉദരത്തിൽ ഉരുത്തിരിയുന്നതുമുതൽ മരിച്ചുമണ്ണടിയുന്നതുവരെ നാം

മറ്റുള്ളവരുടെ സഹായവും, കാരുണ്യവും എന്നും സ്വീകരിക്കുന്നു. ''നന്ദി ചൊല്ലി തീർക്കുവാനീജീവിതം പോരാ''. എത്രയോ അർത്ഥവത്തായ വാക്കുകൾ. മറ്റുള്ളവർക്കു പ്രകാശം പരത്തുന്ന നക്ഷത്രവിളക്കുകളായി നമുക്കു മാറാം.

എല്ലാ മാന്യവായനക്കാർക്കും **പുതുവൽസരാശംസകൾ!!!**